<u>കാലിക്കറ്റ് സർവകലാശാല</u>

83843/SDE-C-ASST-3/2023/Admn

03.07.2023

<u>വിജ്ഞാപനം</u>

കാലിക്കറ്റ് സർവകലാശാല ബി എ /ബി എസ് സി /ബി കോം /ബിബിഎ (CBCSS- 2020 അഡ്മിഷൻ) പ്രൈവറ്റ് രജിസ്ട്രേഷൻ - ഒന്ന് മുതൽ നാലു സെമെസ്റ്ററുകളിൽ ഏതെങ്കിലും ഓഡിറ്റ് കോഴ്സ് പരീക്ഷ പാസ്സാവാത്തതിനാൽ ഡിഗ്രി പരീക്ഷ പാസ്സാവാത്ത വിദ്യാർത്ഥികൾക്ക് വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ വച്ച് താഴെ പറയുന്ന ടൈം ടേബിൾ പ്രകാരം ഓഫ്‌ലൈൻ പരീക്ഷ നടത്തിക്കൊടുക്കുന്നതാണ് . ഇത്തരത്തിൽ പരീക്ഷയെഴുതാനുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ കാലിക്കറ്റ് യൂണിവേഴ്സിറ്റി വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ തയ്യാറാക്കിയ പരീക്ഷ കേന്ദ്രത്തിൽ നേരിട്ടെത്തി പരീക്ഷ എഴുതേണ്ടതാണ് . **ഓഫ്‌ലൈൻ ഓഡിറ്റ് കോഴ്സ് പരീക്ഷക്ക് ഈ വിദ്യാർത്ഥികൾക്ക് ഇനിയൊരു അവസരം ഉണ്ടായിരിക്കുന്നതല്ല. ഇവർക്ക് അടുത്ത ജൂനിയർ ബാച്ചിനോടൊപ്പം സപ്ലിമെന്ററിയായി മാത്രമേ ഓഡിറ്റ് കോഴ്സ് പരീക്ഷ എഴുതുവാൻ സാധിക്കുകയുള്ളൂ .**

കാലിക്കറ്റ് സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം ഔദ്യോഗിക വെബ്സൈറ്റിൽ, ബോർഡ് ഓഫ് സ്റ്റഡീസ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിരിക്കുന്ന MCQs അടിസ്ഥാനമാക്കിയാണ് പരീക്ഷ നടത്തുന്നത്. ഒന്നാം സെമസ്റ്റർ - എൻവയോൺമെന്റ് സ്റ്റഡീസ്, രണ്ടാം സെമസ്റ്റർ - ഡിസാസ്റ്റർ മാനേജ് മെന്റ്, മൂന്നാം സെമസ്റ്റർ - ഹ്യൂമൻ റൈറ്റ്സ്, നാലാം സെമസ്റ്റർ - ജൻഡർ സ്റ്റഡീസ് എന്നിവയുടെ MCQs വെബ്സൈറ്റിൽ (www.sdeuoc.ac.in>Student zone) ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർഥികൾ പ്രസ്തുത MCQs അടിസ്ഥാനമാക്കി പരീക്ഷക്ക് തയ്യാറാകേണ്ടതാണ് . ഓരോ മാർക്ക് വീതമുള്ള 30 ചോദ്യങ്ങൾ ഉൾപ്പെടുത്തിയാണ് പരീക്ഷ. പരീക്ഷയുടെ പരമാവധി സമയം ഒരു മണിക്കൂർ ആണ്. പരമാവധി മാർക്ക് 30 ഉം പാസ് മാർക്ക് 12ഉം (40%) ആണ്.

| Sl.No | Subject | Date | Time |
|---|---|---|---|
| 1 | I Semester (Environmental Studies) | 11. 07. 2023 | 11 PM to 12 PM |
| 2 | II Semester (Disaster Management) | 11. 07. 2023 | 2 PM to 3 PM |
| 3 | III Semester (Human Rights) | 12. 07. 2023 | 11 PM to 12 PM |
| 4 | IV Semester (Gender Studies) | 12. 07. 2023 | 2 PM to 3 PM |

Phone: 0494-2400288, 2407356, 2407494.

Clara Shirly Fernandez
Deputy Registrar